# പരിശുദ്ധ പരുമല തിരുമേനിയോടുള്ള
# മദ്ധ്യസ്ഥ പ്രാർത്ഥന



തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ ചേർത്ത
പരുമല തിരുമേനിയുടെ ഫോട്ടോ

**പരിശുദ്ധ പരുമല തിരുമേനിയോടുള്ള**
**മദ്ധ്യസ്ഥ പ്രാർത്ഥന**

പ്രസിദ്ധീകരണം:
സെയിന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കാതോലിക്കേറ്റ്
സെന്റർ, പിറവം.
2014 ഒക്ടോബർ

# പരിശുദ്ധ പരുമല തിരുമേനിയോടുള്ള
# മദ്ധ്യസ്ഥ പ്രാർത്ഥന

### പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ– ശുബഹോ ലാബോ ലബ്റോ വൽ റൂഹോ കാദീശോ.

ജനം– ബലഹീനരും ....

പട്ടക്കാരൻ– സർവ്വശക്തനും മഹാദയാലുവും വളരെ കരുണയുള്ളവനുമായ ദൈവമേ, തിരുവിഷ്ടപ്രകാരം ജീവിച്ച് വിശുദ്ധസഭയിൽ നിന്റെ ആടുകളെ മേയിച്ചു ഭരിച്ച ശേഷം, നിന്റെ കല്പനപ്രകാരം തിരുസന്നിധിയിലേക്ക് വന്നിരിക്കുന്ന നിന്റെ ഇഷ്ടനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയെ ഓർക്കുന്ന ഏഴകളും അരിഷ്ടരുമായ ഞങ്ങളോട് കരുണയുണ്ടാകണമേ. തിരുസന്നിധിയിൽ ഞങ്ങൾക്കു വേണ്ടിയുള്ള ആ പിതാവിന്റെ മദ്ധ്യസ്ഥത മുഖാന്തരം ഞങ്ങളെ വാഴ്ത്തണമേ. നിന്റെ കൃപയുടെ പക്ഷത്ത് ഞങ്ങളെ ചേർക്കുകയും നിനക്കു പ്രിയനായ ഈ പരിശുദ്ധന്റെ പാർശ്വങ്ങളിൽ ഞങ്ങളെ മറയ്ക്കുകയും ചെയ്യണമേ. പരിശുദ്ധന്മാരിൽ വസിക്കുന്നവനും, അവരിൽ ദിവ്യശക്തി കലർത്തി അവരുടെ ആയുഷ്കാലത്തും മരണശേഷവും, അവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കുന്നവരെ അവർക്കു സഹായികളായിത്തീർക്കുകയും ചെയ്യുന്നവനുമായ കർത്താവേ, പരിശുദ്ധ മാർ ഗ്രീഗോറിയോസിന്റെ കൈക്കൊള്ളപ്പെടുന്ന പ്രാർത്ഥനയാൽ, ഞങ്ങളെ

മുഴുവനായി നീ അനുഗ്രഹിക്കണമേ. സമാധാനത്തിന്റെ കാലങ്ങളെ നീ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ദുഷ്കാലങ്ങളെയും ദുഷ്കാമങ്ങളെയും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. ആ പിതാവിനപ്പോലെ വെടിപ്പിലും വിശുദ്ധിയിലും ജീവിപ്പാൻ ഞങ്ങളെ ഒരുക്കണമേ. പരിശുദ്ധന്റെ പ്രാർത്ഥനാസഹായങ്ങളാൽ നിന്നിൽ നിന്ന് കരുണയും മനോഗുണവും പ്രാപിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ മുമ്പിൽ അപേക്ഷാസ്വാതന്ത്ര്യവും സംപ്രീതിയുമുള്ളവനായ മാർ ഗ്രീഗോറിയോസ് പുണ്യവാളന്റെ പ്രാർത്ഥനയാൽ ഉത്തമനേ, ദയ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ.

ഹാലേലുയ്യ ഉ ഹാലേ ... ഉ ഹാലേ ...

സത്യമതാം വിശ്വാസത്തിൻ പോഷകനായീടും സിദ്ധൻ
പാവനസഭയിൽശില്പിയതാം താതൻമോർ ഗ്രീഗോറിയോസ്
പാപവ്യണങ്ങളെയാറ്റുന്നോൻ പാഷണ്ഡത നീക്കീടുന്നോൻ
ജീവൻമാർഗ്ഗമതിൻ താരം ആത്മികലവണവുമായോനേ
പാപവിമോചിതരായീടാൻ പ്രാർത്ഥിച്ചീടുക ഞങ്ങൾക്കായ്.

കുറിയേലായിസോൻ ... കുറി ... കുറി ...

**(പടിഞ്ഞാറോട്ടു തിരിഞ്ഞ്)**

മാർ ഗ്രീഗോറിയോസ് താതന്നോർമ്മയെ മാനിക്കാത്തോനാർ
വിശ്വാസത്തിൻ ഭടനേ! നിൻ നാളാഘോഷിക്കാത്തോനാർ
തവ നാഥൻ ശിഷ്യർക്കരുളിയ കല്പനയേവം കേട്ടോൻ നീ
സ്വന്തം കുരിശതു തോളിന്മേൽ പേറി
പിമ്പേ ഗമിക്കാത്തോൻ മൽ ശിഷ്യൻ താനായീടാ
എന്നല്ലോ ചൊന്നേനേവം
സതതം വന്ദിതനാകുകയാൽ
നിന്നെ ഞങ്ങൾ കീർത്തിപ്പൂ.

മൊറിയോറാഹേം മേലൈനൂആദാറൈൻ.

## അപേക്ഷ

ശുദ്ധതയുടെ മഹാവിശുദ്ധസ്ഥലത്ത് സ്ഥിതി ചെയ്യുന്ന വനും എല്ലാ പരിശുദ്ധന്മാരെക്കാൾ ഉന്നതനുമായ വചനമായ ദൈവമേ, പരിശുദ്ധാത്മകീർത്തനങ്ങളാൽ മാർ ഗ്രീഗോറിയോ സിനെ പുകഴ്ത്തി ശ്ലാഘിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. യുക്തമാംവിധം തന്നെ പുകഴ്ത്തുവാൻ നിസ്സാരവചനത്തി നോ, പാപച്ചെളിയിൽ മുഴുകിയ മനസ്സിനോ കഴിയുന്നതല്ല. എങ്കിലും ഞങ്ങളുടെ പ്രാപ്തി പോലെ, ബഹുമാനിച്ചു സമർപ്പിക്കുന്ന ഈ അപേക്ഷ സ്വീകരിക്കണമേ. ഞങ്ങളുടെ പിതാവായ മാർ ഗ്രീഗോറിയോസേ, നീ കർത്താവായ യേശു മശിഹായുടെ ഇഷ്ടനാകുന്നു. നീ സത്യവിശ്വാസത്തിന്റെ ഉപ ദേഷ്ടാവാകുന്നു. നീ നന്മയുടെ ശ്രീഭണ്ഡാരവും, നിന്നോട പേക്ഷിക്കുന്നവരുടെ യാചനകളെ നിരസിക്കാത്തവനുമാണ ല്ലോ. നിന്റെ യജമാനന്റെ ശ്രീഭണ്ഡാരത്തിന്മേൽ വിശ്വസ്തനും ജ്ഞാനിയുമായ ഗൃഹവിചാരകനായി നിയമിതനായിരിക്കുന്ന നീ, കുറ്റക്കാർക്കും പാപികൾക്കും രോഗികൾക്കും വേണ്ടി, അപേക്ഷകനും മദ്ധ്യസ്ഥനുമായി തീർന്നിരിക്കുന്നുവല്ലോ. നിന്റെ നാഥൻ, കടങ്ങളുടെ പരിഹാരവും പാപമോചനവും ആപത്തുകളിൽ നിന്നുള്ള വിടുതലും ദണ്ഡനങ്ങളിൽ നിന്നും കോപവടികളിൽ നിന്നുമുള്ള കാവലും നൽകുവാനായി ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചു യാചിക്കണമേ. നിന്റെ നാഥനും യജമാനനുമായ ദൈവത്തോടുള്ള നിന്റെ അപേ ക്ഷയാൽ, ബലഹീനരായ ഞങ്ങൾക്കു സഹായം ലഭിക്കുവാ നായി, നിന്റെ വിശുദ്ധതയോടും നന്മയോടും ഞങ്ങൾ അപേ ക്ഷിക്കുന്നു. ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കുകയും, ആത്മാക്കളെ വെണ്മയാക്കുകയും, വിചാരങ്ങളെ ധവളീകരി ക്കുകയും, ചിന്തകളെ നിർമ്മലീകരിക്കുകയും, ആലോചന കളെ ഉത്കൃഷ്ടമാക്കുകയും ചെയ്യണമേ. ഞങ്ങളുടെ പള്ളി

കളെ സമാധാനമുള്ളതാക്കണമേ. ഞങ്ങളുടെ വൃദ്ധരെ താങ്ങണമേ. ഞങ്ങളുടെ യുവാക്കളെ നിയന്ത്രിക്കണമേ. പൈതങ്ങളെ വളർത്തണമേ. പാതകളെ ശരിപ്പെടുത്തി, നടപടികളെ സ്ഥിരപ്പെടുത്തണമേ. ഞങ്ങളുടെ ബലഹീനതകളെ പോക്കി ശക്തിപ്പെടുത്തണമേ. ദയാലുവായ പിതാവേ, ഞങ്ങളുടെ രോഗികളെ സുഖപ്പെടുത്തണമേ. തളർന്നും ക്ഷീണിച്ചുമിരിക്കുന്നവരെ ബലപ്പെടുത്തണമേ. മാനസ്സികാസ്വസ്ഥതകളെ സ്വസ്ഥമാക്കണമേ. ദുഃഖിതരെ സമാശ്വസിപ്പിക്കണമേ. അനാഥരെ പോറ്റണമേ. വിധവകളെ സംരക്ഷിക്കണമേ. വിദൂരസ്ഥരെ സമാധാനത്തോടെ തിരിച്ചുവരുത്തുകയും, സമീപസ്ഥരെ കാത്തുകൊള്ളുകയും ചെയ്യണമേ. നിന്നിൽ ശരണപ്പെടുന്ന സത്യവിശ്വാസികൾക്കു സംരക്ഷണം നൽകണമേ. രഹസ്യവും പരസ്യവുമായ സർവ്വശത്രുക്കളിലും നിന്ന് നീ അവരെ വീണ്ടെടുക്കുകയും നിന്റെ പരിശുദ്ധമായ യവനിക ഇവരെ മറയ്ക്കുകയും ഇവർ ജീവിതവിജയം പ്രാപിക്കുകയും ചെയ്യണമേ. ബലഹീനരായ ഞങ്ങളെയും, സകല പുരോഹിതരെയും, ശുശ്രൂഷകരെയും, ഒരുങ്ങി വന്നിരിക്കുന്ന ഈ ദേശവാസികളെയും കാത്തുകൊള്ളണമേ. നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഉച്ചത്തിൽ ചൊല്ലുന്നു.

കുറിയേലായിസോൻ കുറിയേ ... കുറിയേ ...

**(കിഴക്കോട്ടു തിരിഞ്ഞ്)**

സഭ തൻ ഭൂഷണമേ, നിസ്തുലമാം കാന്തിയെഴുന്നോനേ,
സ്തുതി നേരാകും വിശ്വാസികൾ തൻ ഭരണാധിപനേ,
ആത്മശരീരങ്ങൾക്കായ് വൈദ്യം ചെയ്തീടും താതാ,
ചോലൊടു വിജ്ഞാനം പകരുന്നോരുറവിടവും നീ.
നിന്നെ ദർശിച്ച കൺകൾ ധന്യമതാം.

പുനരിമ്പം സ്വരവും കേട്ട കാതുകളും ധന്യം.
മാർ ഗ്രീഗോറിയോസ് താതാ നിൻ മഹിമയെ വർണ്ണിപ്പാൻ
മൽ വദനം ചെറുതാം രസനവുമോ മതിയായീടാ.

കുറിയേലായിസോൻ കുറിയേ ... കുറിയേ ...

നാഥാ കൃപ ചെയ്തീടണമേ, നാഥാ ...
നാഥാ കൃപ ചെയ്യണമലിവാൽ, നാഥാ ..
നാഥാ ഉത്തരമരുളണമേ, നാഥാ ...
കർത്താവേ സ്തോത്രം, കർത്താവേ സ്തോത്രം,
നിത്യം ശരണവുമേ സ്തോത്രം.

ബാറെക്മോർ.

**(ലുത്തിനിയ)**

ആകാശത്തിലും ഭൂമിയിലും കാര്യനിവൃത്തിക്ക് പ്രാപ്തി ലഭിക്കപ്പെട്ട പിതാവേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ദൈവകൃപ കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്ന മഹാപരിശുദ്ധനേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
രോഗികളുടെ ഔഷധമായ പിതാവേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
വിലപിച്ചിരിക്കുന്നവരുടെ ആശ്വാസമായ പിതാവേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഞെരുക്കത്തിലിരിക്കുന്നവരുടെ സന്തോഷമായ പരിശുദ്ധനേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ സന്തോഷവും കാവലുമായ പിതാവേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ...

**ആശീർവ്വാദം**

## ലുത്തിനിയാകൾ

**1**

സ്വർഗ്ഗസ്ഥപിതാവാം ദൈവമേ!
ഞങ്ങളോട് കരുണയുണ്ടാകണമേ.
ലോകരക്ഷിതാവായ ദൈവപുത്രാ!
ഞങ്ങളോടു കരുണയുണ്ടാകണമേ.
പരിശുദ്ധ റൂഹായാം ദൈവമേ!
ഞങ്ങളോടു കരുണയുണ്ടാകണമേ.
ഏക ദൈവമായ വിശുദ്ധ ത്രിത്വമേ!
ഞങ്ങളോടു കരുണയുണ്ടാകണമേ.

പരിശുദ്ധ കന്യകയായ ദൈവമാതാവേ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പരിശുദ്ധനായ മാർത്തോമ്മാ ശ്ലീഹാ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പരിശുദ്ധനായ മാർ ഗീവർഗീസ് സഹദാ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പരിശുദ്ധനായ മാർ ദീവന്നാസ്യോസ് പിതാവേ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**2**

മലങ്കരസഭയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ജനനം മുതൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഭക്തിജീവിതത്താൽ ദൈവത്തിനിഷ്ടനായിത്തീർന്ന പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ഉത്തമനും വിശ്വസ്ത നുമായി ശുശ്രൂഷിച്ച പരിശുദ്ധനായ പരുമല തിരുമേനീ.
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പ്രാർത്ഥനയും നോമ്പും ആയുധമാക്കിയ പരിശുദ്ധനായ പരു മല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**3**

പ്രാർത്ഥനയെന്നത് ശൈശവത്തിലെ ഉത്സാഹമെന്ന് പഠിപ്പിച്ച പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
തന്റെ ആട്ടിൻകൂട്ടത്തിന് ഉത്തമ വഴികാട്ടിയായിരുന്ന പരി ശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ദൈവകൃപകൊണ്ട് ചുറ്റപ്പെട്ടിരിക്കുന്ന പരിശുദ്ധനായ പരു മല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
മലങ്കരസഭുടെ അലങ്കാരമായ പരിശുദ്ധനായ പരുമല തിരു മേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
വിശ്വാസത്തോടെ തന്നോടപേക്ഷിക്കുന്നവർക്ക് തന്റെ മദ്ധ്യ സ്ഥതയാൽ അത്ഭുതകരമായ ഫലങ്ങളെ നൽകുന്ന പരി ശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
അഭയം പ്രാപിക്കുന്നവരെ ഉപേക്ഷിക്കാത്ത പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പാപികളുടെ മദ്ധ്യസ്ഥനായ പരിശുദ്ധനായ പരുമല തിരു മേനീ,

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പരലോകത്തിലും തന്റെ മക്കൾക്കായി മദ്ധ്യസ്ഥത അണയ്ക്കുന്ന പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**4**

പ്രയാസങ്ങളിൽ വലയുന്നവരുടെ ആശ്വാസമായ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ആശയറ്റവരുടെ പ്രത്യാശയായ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
അനുതാപികളുടെ ശ്രേഷ്ഠമാതൃകയായ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ദുഃഖിതർക്കാലംബമായ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**5**

വേദവിപരീതങ്ങൾക്കെതിരേ പോരാടിയ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
കഠിനരോഗാവസ്ഥയിലും വ്രതനിഷ്ഠ പാലിച്ച പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പുറജാതികളെ തന്റെ ജീവിതമാതൃകയാൽ സത്യദൈവത്തിലേക്കു നയിച്ച പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
തന്റെ അന്ത്യത്തെക്കുറിച്ചു പ്രവചിച്ച പരിശുദ്ധനായ പരുമല തിരുമേനീ,

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
യുവതി യുവാക്കളുടെ ഉത്തമ മാതൃകയായ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**6**

ഞങ്ങൾ ഭയത്തിൽ നിന്നും ക്ഷാമത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഞങ്ങൾ മാറാരോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും മാനസികരോഗങ്ങളിൽ നിന്നും രക്ഷപെടുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
വരൾച്ചയിൽ നിന്നും മഹാമാരിയിൽ നിന്നും ഞങ്ങളുടെ ജീവനെ സംരക്ഷിക്കുവാൻ പരിശുദ്ധ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**7**

ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരി സഹോദരന്മാരെയും സന്താനങ്ങളെയും ഞങ്ങൾക്കുള്ള എല്ലാറ്റിനെയും കരുതുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഈ സഭയിലും സമൂഹത്തിലും കുടുംബബന്ധങ്ങളിലും സമാധാനവും സ്നേഹവും ഉണ്ടാകുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
കർത്തൃദാനമായ ഞങ്ങളുടെ സന്താനങ്ങളെ കാത്തുകൊള്ളുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ യുവതി യുവാക്കൾ പരിപാകതയുള്ളവരും ദൈവ ഭക്തരുമായി ജീവിക്കുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
വിദൂരസ്ഥരായിരിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെയും, കരയിലും സമുദ്രത്തിലും വായുവിലും യാത്രയിലും അദ്ധ്വാനത്തിലുമായിരിക്കുന്ന ഏവരെയും കാത്തുകൊള്ളുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടിരിക്കുന്ന ദുർന്നടപ്പുകാരായ ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ടവരെയും ദുർമ്മാർഗ്ഗം വിട്ട് സത്യ അറിവിലേക്ക് തിരികെ വരുത്തുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പെട്ടെന്നുള്ള മരണത്തിൽ നിന്നും കോപത്തിൽ നിന്നും വസന്തകളിൽ നിന്നും അതിവേദനകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
പൈശാചികവികാരങ്ങളിൽ നിന്നും ദുഃസ്വപ്നങ്ങളിൽ നിന്നും വ്യർത്ഥവചനങ്ങളിൽ നിന്നും ദുഷ്പ്രവൃത്തികളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുവാൻ പരിശുദ്ധനായ പരുമല തിരുമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെയും വിശ്വാസികളായ ഞങ്ങളുടെ സകല വാങ്ങിപ്പോയവരുടെയും സകല കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടുവാൻ പരിശുദ്ധനായ പരുമല തിരമേനീ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## അപേക്ഷകൾ

**1**

പരമാർത്ഥികളായ മനുഷ്യരെ തെരഞ്ഞെടുത്ത് ദൈവിക രാക്കിത്തീർക്കുകയും, അവരിൽ തന്റെ ദിവ്യശക്തി കലർത്തി, അവരുടെ ആയുഷ്കാലത്തും മരണശേഷവും അവരുടെ മദ്ധ്യ സ്ഥത യാചിക്കുന്നവർക്ക് അവരെ തക്ക സഹായികളാക്കി തീർക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവിന് സ്തുതി. ദൈവമായ കർത്താവേ! നിന്റെ അളവറ്റ കരുണ യാലും കൃപയാലും, ഞങ്ങളുടെ പിതാവായ മാർ ഗ്രീഗോറി യോസ് തിരുമേനി ഐഹികകജീവിതകാലത്ത് അനേക രോഗികളെ സൗഖ്യമാക്കി. പലരിലും നിന്ന് ദുരാത്മാക്കളെ ബഹിഷ്കരിച്ചു. തന്റെ ആയുഷ്കാലത്ത് സ്വജാതീയരും വിജാ തീയരും അവന്റെ മദ്ധ്യസ്ഥതയാൽ പലവിധ സഹായങ്ങൾ പ്രാപിച്ചു. ഇന്നും തന്റെ തിരുശേഷിപ്പിടം മൂലവും മദ്ധ്യസ്ഥ ത മൂലവും അനേകർ സഹായം പ്രാപിച്ചുകൊണ്ടിരിക്കുന്നു. കാരുണ്യവാനായ കർത്താവേ! നിന്നോടു ഞങ്ങൾ അപേ ക്ഷിക്കുന്നു. ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്ന എല്ലാവരെയും വാഴ്ത്തണമേ. ആ പരിശുദ്ധന്റെ പ്രാർത്ഥന കളാൽ എല്ലാവിധ ഞെരുക്കങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും ആപ ത്തുകളിൽ നിന്നും ശക്തിക്കപ്പുറമായ എല്ലാ പരീക്ഷകളിൽ നിന്നും ഞങ്ങളെല്ലാവരെയും കാത്തുകൊള്ളണമേ. രോഗി കൾക്കു സൗഖ്യം കൊടുക്കണമേ. ദുരാത്മാക്കളാൽ പരീക്ഷി ക്കപ്പെടുന്ന എല്ലാവരെയും സ്വാതന്ത്ര്യപ്പെടുത്തണമേ.

പാപി അനുതപിച്ച് ജീവിക്കുന്നതിനല്ലാതെ അവൻ മരി ക്കുന്നതിൽ തനിക്ക് ഇഷ്ടമില്ലന്ന് അരുളിച്ചെയ്ത ദൈവമായ കർത്താവേ! അനുതപിക്കുന്നവരായ ഞങ്ങളെ നീ കൈക്കൊ

ള്ളണമേ. കാണാതെ പോയ ആടിനെ തേടി പുറപ്പെടുന്ന നല്ല ഇടയനായ കർത്താവേ, മുടിയൻ പുത്രനോടെന്ന പോലെ, വഴി തെറ്റി പോയവരോടു കരുണയുണ്ടാകണമേ. മദ്യപാനം, ലഹരിമരുന്നുകളോടുള്ള ആസക്തി, ലോകമോദം, അനിയന്ത്രിതമായ ശാരീരികാലാഷങ്ങൾ, വഴിവിട്ടുള്ള ധന സമ്പാദനമോഹം മുതലായവയെ വെറുക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഓരോരോ ദുശ്ശീലങ്ങൾക്കും പകരമായി നിന്റെ കാരുണ്യത്താൽ ഓരോരോ സുകൃതങ്ങൾ ശീലിക്കുവാൻ ഞങ്ങൾക്ക് അവസരം നൽകണമേ. ഞങ്ങളെ ശുദ്ധീകരിച്ച് വെടിപ്പാക്കണമേ. ഞങ്ങളുടെ കുറ്റങ്ങളെയും അകൃത്യങ്ങളെയും മായിച്ചുകളയണമേ. ആത്മാവിലും ശരീരത്തിലും കറയും മലിനതയും കൂടാതെ ഞങ്ങളെ നീ നടത്തേണമേ.

കർത്താവേ, പരിശുദ്ധപിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന ഞങ്ങളുടെ പ്രാർത്ഥനകളും നേർച്ച കാഴ്ചകളും കൈക്കൊണ്ട്, തന്റെ പ്രാർത്ഥനയാൽ ഞങ്ങളോട് ദയവുണ്ടാകണമേ.

**2**

കർത്താവേ, നിന്റെ കൃപയാലും കരുണയാലും പരുമല മാർ ഗ്രീഗോറിയോസ് പുണ്യവാളന്റെ നാമം വിളിക്കപ്പെട്ടതും തന്റെ തിരുശേഷിപ്പിനെ പ്രതിഷ്ഠിച്ചിരിക്കുന്നതുമായ ഈ ദിവ്യാലയസങ്കേതത്തിൽ, നിന്റെ പരിശുദ്ധതയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന എല്ലാവരുടെയും സകലവിധ നേർച്ചകളും വഴിപാടുകളും അപേക്ഷകളും ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ അംഗീകരിച്ച് അനുഗ്രഹം ചൊരിയണമേ.

കുടുംബജീവിതം നയിക്കുന്നവരെ അനുഗ്രഹിക്കണമേ. ഭവനങ്ങളിൽ സമാധാനവും ഐശ്വര്യവും വർദ്ധിക്കണമേ. മക്കളില്ലാതെ വേദനയിലും നിരാശയിലും കഴിയുന്ന ദമ്പതി

മാരെ അനുഗ്രഹിക്കേണമേ. വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള ജ്ഞാനവും ബുദ്ധിയും നൽകണമേ. കുഞ്ഞുങ്ങളെ കരുണയോടെ കാത്തുകൊള്ളണമേ. യുവാക്കളെ നിയന്തിക്കണമേ. വൃദ്ധരെ സംരക്ഷിക്കണമേ. വിവാഹജീവിതം കാംക്ഷിക്കുന്നവർക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്തുവാൻ സഹായിക്കണമേ. ബ്രഹ്മചാരികളെ കാത്തുകൊള്ളണമേ.

ആപത്തിലും വൈഷമ്യത്തിലും ഇരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിക്കണമേ. യാത്ര ചെയ്യുന്നവരെ അപകടത്തിൽ നിന്നു കാത്തുകൊള്ളണമേ. പട്ടിണിക്കാരെ സന്തുഷ്ടരാക്കണമേ. ദരിദ്രരെ സഹായിക്കണമേ. മനോഭാരത്തിൽ ഇരിക്കുന്നവരെ പ്രത്യാശയുള്ളവരാക്കണമേ. ഭൂമിയിലെ കായ്കനികളെ വർദ്ധിപ്പിക്കണമേ. സസ്യാദികളെയും കൃഷികളെയും അനുകൂലകാലാവസ്ഥ നൽകി സംരക്ഷിക്കണമേ.

ഞങ്ങളുടെ കടങ്ങളെ പരിഹരിക്കണമേ. ഞങ്ങളുടെ കുറ്റങ്ങളെ ക്ഷമിക്കണമേ. ഭൂതലത്തിലെങ്ങും നിന്റെ സമാധാനം സ്ഥാപിക്കണമേ. പരിശുദ്ധസഭയിൽ സമാധാനം വർദ്ധിപ്പിക്കണമേ. ഭൂമിയിൽ നിന്ന് തർക്കങ്ങളെയും ഭിന്നതകളെയും നീക്കണമേ. ലോകത്തിന്റെ നാനാഭാഗത്തും തിരുസഭയുടെ കൊമ്പിനെ ഉയർത്തണമേ. വിശ്വാസികളായ ഞങ്ങളുടെ മരിച്ചവർക്ക് ആശ്വാസം കൊടുക്കണമേ.

ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും നിത്യവും സമർപ്പിക്കും.

## ഗീതങ്ങൾ

### 1

(സീനായ് ഗിരി നിൻ ... എന്ന പോലെ)

പാരിതിലെങ്ങും പരവശരാശ്വാസം
പാരം പ്രാപിപ്പാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ചിന്താകുലരാം സന്താനങ്ങളഹോ
സന്തതമീ ധരയിൽ
സന്താപക്കൂരിരുൾ നീങ്ങി
സന്തോഷക്കതിരൊളി കാണ്മാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ശാന്തി ജഗത്തിൽ കാന്തി പരത്തിടുവാൻ
ഭ്രാന്തി വെടിഞ്ഞവരും
സാന്ത്വനമിയലും ദൈവികദൂ-
തേന്തിടുവാനെൻ പ്രിയ ജനകാ!
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ഖിന്നതയെന്യേ മന്നിടമിതിലടിയാ-
രെന്നുമമർന്നിടുവാൻ
മന്നവനാം മശിഹാനാഥൻ
തന്നനുപമ കൃപ നേടിടുവാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

സങ്കടമാകും വൻകടലിൽ മുങ്ങി
പങ്കപ്പാടേൽപ്പോർ
ശങ്കയകന്നാനന്ദത്തിൻ
തിങ്കൾപ്രഭയിൽ കുളിരേൽപ്പാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

നിർമ്മലസഭയിൽ ദുർമ്മതിയാം സാത്താൻ
നിർമ്മിച്ചൊരു പൊളി തൻ
കർമ്മം നിർമ്മൂലം നീക്കാൻ
ധർമ്മം മേന്മേൽ വിജയിപ്പാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

നോമ്പാലനിശം വമ്പേറും വീര്യം
സമ്പാദിച്ചോനേ!
നിൻ പെരുനാൾ കൊണ്ടാടുന്നോർ-
ക്കെമ്പാടും വരമരുളിടുവാൻ
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

കേരളഭൂവിൽ പമ്പാനദിയാകും
യോർദാൻ തൻ കരയിൽ
ഇല വാടാതെ യഥാകാലം
ഫലമേകുന്നൊരു കല്പകമേ!
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

ബാല്യത്തിൽതന്നെ ദൈവത്തിനു വേണ്ടി
സ്വയമർപ്പിച്ചോനേ!
ആ ജീവിതവുമനന്തരവും
ഭവ്യാദ്ഭുതകരനേ! ദിവ്യാ!
പരികീർത്തിതനാം പരിശുദ്ധാ!
പരുമല മരുവും തിരുമേനീ!
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.

**2**

(മറിയാമിൻ സ്മരണം എന്ന പോലെ)

പരുമലെ വാണരുളും പരിപാവന ചരിതാ!
പരിചൊടു ഞങ്ങൾക്കായ് പരനോടർത്ഥിക്ക.
സ്വസ്ഥത ഞങ്ങൾക്കീ പൃഥ്വിയിലുളവാകാൻ
ക്രിസ്തുവിനൊടു താതാ! പ്രാർത്ഥിക്കുക നിത്യം.
പുരുസൗരഭമോലും പരിശുദ്ധാ! സിദ്ധാ!
പരമാധീശൻ തൻ പരിമളഭാജനമേ!
മണമുയരും പൂവിൻ മണിമേച്ചിൽപ്പുറമേ!
മണിനാദം പൊങ്ങും മണിമയമന്ദിരമേ! (പരുമലെ ...

പച്ചപ്പുല്ലരുളി സ്വച്ഛജലം കാട്ടി
നിച്ചലുമാടുകളെ മേച്ചൊരു നല്ലിടയാ!
സൂത്രവിശാരദനാം സാത്താനെ പോരിൽ
സാത്വികതേജസ്സാൽ സത്യം വെന്നോനേ!
ആത്മബലം മൂലം വിസ്മയകർമ്മങ്ങൾ
ചെമ്മേ ചെയ്തോനേ! നിർമ്മലമാനസനേ! (പരുമലെ ...

അൻപോടർത്ഥനയും നോമ്പും നിറവേറ്റി
ഇമ്പമൊടീശോയെ നമ്പിയ നിർമ്മലനേ!
തങ്കത്തിലുമർത്ഥം തങ്കും വിശ്വാസം
പങ്കിലമാകായ്വാ-നങ്കം പൊരുതോനേ!
ആപത്തുകളെങ്ങും വ്യാപിക്കും കടലിൽ
ദീപസ്തംഭം പോൽ ദീപിക്കും താതാ! (പരുമലെ ...

മക്കൾക്കൊരു താങ്ങേ! ഭക്തജനത്തണലേ!
ഭക്തിപുരം ചേരാൻ ശക്തി തരും താതാ!
ഭിന്നതയും വലുതാം ഖിന്നതയും നീങ്ങി
മന്നിതിലീ സഭ നൽ ഉന്നതി നേടട്ടെ.
ചേതോഹരമാമീ കാതോലിക പദവി
നാൾ തോറും വിജയം നീതിയിൽ നേടട്ടെ. (പരുമലെ ...

**3**

പരുമലത്തിരുമേനീ! മാർ ഗീഗോറിയോസ്
പരിശുദ്ധാത്മനേ! ഭക്തജനങ്ങൾ-
ക്കഭയം കോട്ടയുമായോനേ! (പരുമല...

രോഗികൾക്കും വികലാംഗർക്കും
തിരുവചനത്താൽ പൂർണ്ണസൗഖ്യം
ഏകിയ മുനിവരനേ! ഞങ്ങൾക്കായ് (2)
പ്രാർത്ഥിക്കണമേ, വന്ദ്യപിതാവേ!
പ്രാർത്ഥിക്കണമേ, പിതാവേ! പ്രാർത്ഥിക്കണമേ,
പരിശുദ്ധാത്മനേ! ... (പരുമല...

നിന്റെ നാമത്തിൽ പടുത്തുയർത്തിയൊ-
രീ ആരാധന നിലയത്തിൽ
ഉയർന്ന ധൂപം കൈക്കൊണ്ടാത്മാ! (2)
പ്രാർത്ഥിക്കണമേ, വന്ദ്യപിതാവേ!
പ്രാർത്ഥിക്കണമേ, പിതാവേ! പ്രാർത്ഥിക്കണമേ,
പരിശുദ്ധാത്മനേ! ... (പരുമല...

(സംഗീതം പി.ജി. എബ്രഹാം, പടിഞ്ഞാറേ തലയ്ക്കൽ)

**4**

(ധന്യേ മാതാവേ.. പോലെ. സംഗീതം ടി. ജോർജുകുട്ടി)

വചനത്തിൻ മാർഗ്ഗത്തിൽ വഴി കാട്ടിത്തന്ന
വന്ദ്യപിതാക്കന്മാരെ ഓർക്കാം, പിന്തുടരാം.
ദേഹമുപേക്ഷിച്ചും കർത്താവിന്നരികേ

ചേരാൻ തല്പരരായ് ജീവിതമാതൃകയായ്
പുണ്യപിതാക്കന്മാർ, പാവനചരിതന്മാർ,
പാതയിലൊളി വിതറും അവരെ പിന്തുടരാം. (വചന...

മാർ ഗ്രീഗോറിയോസ് ക്രിസ്തവിനനുകാരി
നാമും അവിടത്തെ അനുകാരികളാകാം;
ദൈവികമാഹാത്മ്യാർത്ഥം, ദൈവികരാജ്യത്തേ-
യ്ക്കാഹ്വാനം ചെയ്യും കർത്തനനുയോജ്യം
നമ്മെ ഒരുക്കീടാൻ, താതന്നുപദേശം
ഉത്സാഹം നൽകി, സ്തോത്രം പാടുക നാം. (വചന...

നിദ്രയിലായോരാം വിശ്വാസീസംഘം
നമ്മുടെ ചുറ്റിലുമായ് യാത്രത്തുണയേകും;
ദൈവിക കുഞ്ഞാടിൻ സിംഹാസനസവിധം
പ്രാർത്ഥനയാം ധൂപപ്പൊൻകലശവുമായി
വിശുദ്ധന്മാരെല്ലാം മാലാഖകളെപ്പോൽ
രാപകലില്ലാതെ ആരാധിക്കുന്നു. (വചന...

(എബ്രാ. 13:7; 2 കൊരി. 5:8; ഫിലി. 1:23; 1 കൊരി. 4:14-16; റോമ. 8:28; 1 തെസ്സ. 2:11, 12)

**5**

(അഗ്നിമയന്മാർ... പോലെ. സംഗീതം ടി. ജോർജ്ജുകുട്ടി)

(തിരു)വചനത്തിൻ ശുശ്രൂഷകനിടയൻ മാർ ഗ്രീഗോറിയോസ്
താതനുടോർമ്മയെ ബഹുമാനത്തോടാഘോഷിക്കാം
അനുകരിച്ചിടുവാൻ തവ വിശ്വാസവുമാജീവിതവും
അനുഗമിച്ചിടുവാൻ കൃപകൾക്കടിയാർ പ്രാർത്ഥിക്കുന്നു.
(തിരു)വചന...

വിശ്വാസത്തിൽ കർത്താവേശുവിൽ അമർത്യത പൂണ്ടോൻ
വിശ്വാസികളാം സാക്ഷികളൊന്നിച്ചർത്ഥിച്ചീടും;
ലൗകികവാസത്തിൻ അവശേഷം ക്രിസ്തുവിലാകയാൽ
ഐഹികരടിയാർക്കായ് തൻ പ്രാർത്ഥന മുക്തിയതേകും.
(തിരു)വചന...

നീതീകൃതരെ ദൈവം നോക്കുന്നാഹ്വാനത്തിൻ
ഉത്തരമരുളും; ഫലവത്താകും ആ പ്രാർത്ഥനകൾ;
മോശ, അഹറോൻ, ശമുവേൽ, ഏലിയാ ഇവരുടെ വിളികൾ-
ക്കുത്തരമരുളിയ ദൈവം നീക്കും കഷ്ടതയെല്ലാം.

(തിരു)വചന...

മാർത്ത, മറിയം, യായീറോസിൻ മാദ്ധ്യസ്ഥതകൾ
മരണത്തിൽ നിന്നവരുടെ പ്രിയരെ എഴുന്നേല്പിച്ചു;
കാനാവിൽ മാതാ മറിയാമിൻ ഇടപെടൽ മൂലം
കർത്താവേശു കുറവുകൾ തീർത്തു; ദുഃഖം നീങ്ങി.

(തിരു)വചന...

(എബ്രാ. 13:7; യോഹ. 11:26; 2 കൊരി. 5:8; ഫിലി. 1:23; യോഹ. 16:24; യാക്കോ. 5:16; സങ്കീ. 34:15, 17; 99:6)

## മാർ യാക്കോബിന്റെ ബോവൂസോ

മോർ ഗ്രീഗോറിയോസേ ഞങ്ങൾക്കായി പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കേകും നാഥൻ.

ശ്രേഷ്ഠതയേറും ചര്യകളാലെ താപസനായി
പ്രാർത്ഥന നോമ്പെന്നിവയാൽ മേന്മേലദ്ധ്വാനിച്ചു.

നല്ലാത്മാവും സ്നേഹം നിറയും ചിത്തവുമേറ്റം
നിർമ്മലമാകും ഭാവം മുറ്റും മേനിയുമുള്ളോൻ

ധാർമ്മികമാകും കർമ്മത്താലും വചനത്താലും
നാൾ മുഴുവൻ നീ വിശ്രമമെന്യേ വീറോടോടി.

ആദി മുതൽക്കേ നിന്നെ ഏറ്റോൻ താതൻ സ്തുത്യൻ
വന്ദ്യൻ നിന്നെ സഭയിൻ തൂണായ് നിർത്തിയ പുത്രൻ.

എണ്ണം കൂടും പാഷണ്ഡതയാം വഞ്ചനയെത്താൻ
പാടേ വെല്ലാൻ വീര്യം തന്നോൻ റൂഹാ സ്തുത്യൻ.

നീ വഴിയായി നിർമ്മലഗാനം പാടിയ നാഥൻ
കണ്ടാലും നിന്നസ്ഥികൾ തന്നിൽ നിവസിക്കുന്നു.

വിശ്വാസത്താൽ നിന്നെ നമ്പും സർവ്വരിൽ നിന്നും
നിൻ പ്രാർത്ഥനയാൽ നാഥൻ കോപം മായിക്കട്ടെ.

### മാർ അപ്രേമിന്റെ ബോവൂസോ

നാഥാ! ഗ്രീഗോറിയോസിൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമേ
ഞങ്ങൾക്കും മൃതരായോർക്കും
പുണ്യം ദാനം ചെയ്യണമേ.
 ഇന്നാൾ ഗ്രീഗോറിയോസേ!
 പാരും വാനും പാടുന്നു
 വൻ കോട്ടയ്ക്കൊപ്പം നിന്നെ
 നൽകി, ധന്യത തന്നോരാം
സത്തമനേ! നിൻ പെരുന്നാളിൽ
തൽസംഘം കീർത്തിക്കുന്നു.
ശ്രേഷ്ഠൻ ഗ്രീഗോറിയോസേ!
നിൻ പെരുന്നാളിന്നൗന്നത്യം
 നാനാഭാഗത്തും പാരിൽ
 നൽകിയ പുത്രൻ സംസ്തുത്യൻ.
 സ്തുതി താതന്നും റൂഹായ്ക്കും
 ഞങ്ങളുടെമേൽ കൃപ തോന്നട്ടെ.
നാഥാ! ഗ്രീഗോറിയോസിൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമേ
ഞങ്ങൾക്കും മൃതരായോർക്കും
പുണ്യം ദാനം ചെയ്യണമേ.

### മാർ യാക്കോബിന്റെ ബോവൂസോ

മോർ ഗ്രീഗോറിയോസ് ഞങ്ങൾക്കായി പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കേകും നാഥൻ.

പാട്ടുകളാലെ കീർത്തിച്ചോരാം പട്ടക്കാർക്കായ്
ശെമ്മാശന്മാർക്കായും താതാ പ്രാർത്ഥിച്ചാലും.

സ്ത്രീപുരുഷന്മാർക്കായ് ബാല്യക്കാർക്കായ് പൈതങ്ങൾക്കായ്
കന്യകമാർക്കായ് ദമ്പതികൾക്കായ് സർവ്വർക്കായും.

നിൻപ്രാർത്ഥനയാൽ കൃപ ചെയ്തീടും താതൻ സ്തുത്യൻ
നിൻ യാചിപ്പാൽ കനിവുണ്ടാകും പുത്രൻ വന്ദ്യൻ.

ഞങ്ങൾക്കായുള്ളർത്ഥനയാലെ ക്രോധം നീക്കി
കാരുണ്യത്തെ ചൊരിയും റൂഹാ സ്തോത്രാർഹൻ താൻ.

വിശ്വാസത്താൽ നിന്നെ നമ്പും സർവ്വരിൽ നിന്നും
നിൻ പ്രാർത്ഥനയാൽ നാഥൻ കോപം മായിക്കട്ടെ.

**മാർ അപ്രേമിന്റെ ബോവൂസോ**

നാഥാ ഗ്രീഗോറിയോസിൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമേ
ഞങ്ങൾക്കും മൃതരായോർക്കും
പുണ്യം ദാനം ചെയ്യണമേ.

ശ്രേഷ്ഠഗുരോ നിൻ സൗന്ദര്യം
വർണ്ണിപ്പാൻ കഴിവാർക്കുണ്ടാം
ഈശനെയുള്ളിൽ വഹിച്ചോനേ
വിസ്മയനീയൻ നീ ഗുരുവേ.

നിൻ വൃത്താന്തത്തിനു വാക്കും-
നാക്കും പോരാ പരിശുദ്ധാ
ശ്രേഷ്ഠത നൽകിയ നാഥൻ താൻ
നിന്നെ വർണ്ണിപ്പാൻ പോന്നോൻ.

നിൻ സ്മൃതി ശ്രേഷ്ഠതയാർന്നതിനാൽ
പരിശുദ്ധാ സന്തോഷിക്ക
ആനന്ദിക്കും ഭക്തർക്കായ്
ദൈവാനുഗ്രഹമർത്ഥിക്ക.

നിന്നസ്ഥികൾ തൻ വീര്യത്താൽ
ദിവ്യ സഹായം നേടട്ടെ
നിൻ പ്രാർത്ഥനയാൽ ഞങ്ങൾ തൻ-

പാപം മോചനമേൽക്കട്ടെ.

നാഥാ ഗ്രീഗോറിയോസിൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമേ
ഞങ്ങൾക്കും മൃതരായോർക്കും
പുണ്യം ദാനം ചെയ്യണമേ.

**മാർ ബാലായിയുടെ ബോവൂസോ**

(മറിയാമിൻ സ്മരണം... എന്ന രീതി)

ഗ്രീഗോറിയോസേ-താതൻ നൽകട്ടെ
നിൻസ്മൃതിയിൽ സ്തോത്രം-പാടീടാൻ-ഭാഗ്യം.
പോരാടാൻ വീര്യം-തന്നോനാം സൂനു
മകുടം മുമ്പേകി മൃതിയിൽ മാനിച്ചു.
കൂട്ടായ് നിന്നോനാം-റൂഹായിപ്പോൾ നി-
ന്നസ്ഥികളിൽ മേവി-സത്കർമ്മം ചെയ്‌വൂ.
പങ്കിലനാകാത്തോൻ-വഞ്ചനയില്ലാത്തോൻ
സ്വർണ്ണം പോൽ, പാടാൽ-ശോധന നീയേറ്റു.
ഈറേന്മാരൊപ്പം-നീ കാദീശ് പാടി
ആ വൃന്ദത്തോടും-നാഥനെ നീയാർന്നു
ജീവകര സ്ലീബാ-നീ മുമ്പിൽ കണ്ടു
സ്ലീബാതൻ പാടാൽ-വെളിവായ് നിൻ ബോധം
നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും-മൃതരിൽ കനിയണമേ.